06 സെപ്റ്റംബർ 2018

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. Of Kerala

ലക്കം: 012



*മുഖ്യമന്ത്രി പിണറായി വിജയന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ഏഴ് കോടി രൂപയുടെ ചെക്ക് കൈമാറുന്നു. ഹരിതകേരളം മിഷൻ ഉപാദ്ധ്യക്ഷയും കുടുംബശ്രീ ഭരണ നിർവ്വഹണ സമിതി അംഗവുമായ ടി.എൻ. സീമ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, വകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി എസ്. സന്തോഷ് കുമാർ, കുടുംബശ്രീ ഉദ്യോഗസ്ഥർ എന്നിവർ സമീപം*

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കുടുംബശ്രീയുടെ ഏഴ് കോടി

പ്രളയക്കെടുതിയിൽപ്പെട്ടുഴലുന്നവർക്ക് കൈത്താങ്ങേകാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യമായ കുടുംബശ്രീ ഏഴ് കോടി രൂപ സംഭാവനയായി നൽകി. മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്ദീൻ ഏഴ് കോടി രൂപയുടെ ചെക്ക് കൈമാറി. ഹരിതകേരളം മിഷൻ ഉപാദ്ധ്യക്ഷയും കുടുംബശ്രീ ഭരണ നിർവ്വഹണ സമിതി അംഗവുമായ ടി.എൻ. സീമ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, വകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി എസ്. സന്തോഷ് കുമാർ, കുടുംബശ്രീ പ്രോഗ്രാം ഓഫീസർമാർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ഓരോ കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളും തങ്ങളുടെ ഒരാഴ്ചത്തെ ലഘുസമ്പാദ്യ (ത്രിഫ്റ്റ്) തുകയെങ്കിലും ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകണമെന്ന എക്സിക്യൂട്ടീവ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം സമാഹരിച്ച തുകയാണിത്. ഓരോ അയൽക്കൂട്ടവും പ്രാദേശികമായി സംഭാവനയായി സ്വീകരിച്ച തുകയും ഓണാഘോഷ പരിപാടികൾക്കും മറ്റുമായി ചേർത്തുവച്ച തുകയും ഇതിലുൾപ്പെടും. കുടുംബശ്രീയുടെ റിസോഴ്സ് പേഴ്സൺമാരും പരിശീലന സംഘങ്ങളും കാസ് (കുടുംബശ്രീ അക്കൗണ്ട്സ് ആൻഡ് ഓഡിറ്റ് സർവീസ് സൊസൈറ്റി) അംഗങ്ങളും ദുരിതാശ്വാസ നിധിയിലേക്ക് തങ്ങളാലാവും വിധം സംഭാവന നൽകുകയും ചെയ്തു.

കേരളം നേരിട്ട ഈ ദുരന്തത്തിൽ കുടുംബശ്രീ അംഗങ്ങൾ തന്നെയാണ് ഏറെ ബാധിക്കപ്പെട്ടിട്ടുള്ളതെങ്കിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ അയൽക്കൂട്ട വനിതകൾ തുടക്കം മുതലേ സജീവമായിരുന്നു. ഒരു ലക്ഷത്തിലധികം വീടുകളും പരിസരവും രണ്ടായിരത്തിലധികം പൊതുസ്ഥലങ്ങളും ശുചിയാക്കുകയും 8000ത്തോളം പേർക്ക് കൗൺസിലിങ് നൽകുകയും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളിൽ കുടുംബശ്രീ അംഗങ്ങൾ ഭാഗമായി. ഇത് കൂടാതെ പ്രളയബാധിതരായ എണ്ണായിരത്തോളം പേർക്ക് കുടുംബശ്രീ അംഗങ്ങൾ സ്വഭവനങ്ങളിൽ അഭയം നൽകുകയും ചെയ്തിട്ടുണ്ട്. ദുരിതം നേരിട്ടവർക്ക് ഭക്ഷണപ്പൊതികൾ തയാറാക്കുന്ന പ്രവർത്തനങ്ങളും കുടുംബശ്രീ സംഘം ചെയ്തു.

## 'ക്ലീൻ വയനാട്' ക്യാമ്പെയ്ന്റെ ഭാഗമായത് നാൽപ്പതിനായിരത്തിലധികം കുടുംബശ്രീ പ്രവർത്തകർ



പ്രളയ ദുരിതത്തിൽപ്പെട്ട വയനാടിനെ വീണ്ടെടുക്കാൻ 'ക്ലീൻ വയനാട്' ക്യാമ്പെയ്ന്റെ ഭാഗമായത് നാൽപ്പതിനായിരത്തിലധികം കുടുംബശ്രീ പ്രവർത്തകർ. ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടത്തിയ ക്ലീൻ വയനാട് ക്യാമ്പെയ്നിൽ പങ്കെടുത്തവരിൽ ഭൂരിഭാഗവും കുടുംബശ്രീ അംഗങ്ങളുും. വീടുകളും റോഡുകളും കോളനികളും പൊതു ഇടങ്ങളുമടക്കം വയനാടിന്റെ മുക്കും മൂലയും 40200 കുടുംബശ്രീ വനിതകൾ ചേർന്ന് വൃത്തിയാക്കി.

ജില്ലയിലെ 9250 അയൽക്കൂട്ടങ്ങളിൽ 8475ലെ അംഗങ്ങളും ക്ലീൻ വയനാട് ക്യാമ്പയിന്റെ ഭാഗമായി. 724 പട്ടിക വർഗ്ഗ അയൽക്കൂട്ടങ്ങളിൽ നിന്നുള്ള 2218 അംഗങ്ങളും ഇതിലുൾപ്പെടും. ജില്ലയിലെ 45000ത്തോളം വീടുകളാണ് കുടുംബശ്രീ പ്രവർത്തകർ ശുചീകരിച്ചത്. കിണറുകളുടെ ക്ലോറിനേഷൻ, ആരോഗ്യ ബോധവത്ക്കരണ ലഘുലേഖ വിതരണം, ജൈവ അജൈവ മാലിന്യങ്ങളുടെ ശേഖരണം എന്നിവ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പിലാക്കി.

കോഴിക്കോട് ജില്ലയിൽ നിന്നുള്ള കുടുംബശ്രീ പ്രവർത്തകരും ഈ ക്യാമ്പെയ്ന്റെ ഭാഗമായി. മാനന്തവാടി ജില്ലാ ആശുപത്രി, വൈത്തിരി ജനറൽ ആശുപത്രി, വിവിധ സർക്കാരാശുപത്രികൾ എന്നിവിടങ്ങളും കുടുംബശ്രീ പ്രവർത്തകർ വൃത്തിയാക്കി.

## കുട്ടനാടിനെ ശുചീകരിക്കാൻ കുടുംബശ്രീയുടെ പെൺപട



സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ ആഗസ്റ്റ് 28 മുതൽ 30 വരെ ആലപ്പുഴയിലെ കുട്ടനാട് നടന്ന ശുചീകരണ പ്രവർത്തനത്തിൽ കുടുംബശ്രീ പ്രവർത്തകരുടെ പങ്കാളിത്തം ഏറെ ശ്രദ്ധേയമായി ആലപ്പുഴ ജില്ലയുടെ തീരദേശ മേഖലയിൽ നിന്നുൾപ്പടെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള നിരവധിയാളുകളാണ് കുട്ടനാട് ശുചീകരിക്കാനായെത്തിയത്. മുൻ സിഡിഎസ് ചെയർപേഴ്സൺമാരായ രാജേശ്വരി ഉദയൻ ഷീലാ ജെയിംസ്, ആലപ്പുഴ നോർത്ത് സിഡിഎസ് ചെയർപേഴ്സൺ ലാലി വേണു, മറിയാമ്മ, ബേബി, കുഞ്ഞുമോൾ മാത്യു, സ്മിത ബൈജു, പ്രീതി, സബീന, രേഷ്മ, രഹന, തുടങ്ങിയവർ അടങ്ങിയ 15 അംഗ കുടുംബശ്രീ ഗ്രൂപ്പാണ് കാവാലം ഭാഗത്തെത്തിയത്.

രാവിലെ 7.30ക്ക് കാവാലത്തേക്ക് പുറപ്പെട്ട ഇവർ വീടുകളിൽ മടങ്ങിയെത്തിയത് രാത്രി ഒൻപത് മണിയോടെയാണ്. ഇടവിട്ടു ചെയ്ത മഴയെ വകവയ്ക്കാതെയായിരുന്നു ഇവരുടെ അധ്വാനം. ഇതിനിടയിൽ 15 ഓളം വീടുകൾ ഇവർ പൂർണ്ണമായും വൃത്തിയാക്കി. ചില വീടുകളിലെ മുറികളിലൊഴുകി നടന്ന കക്കൂസ് മാലിന്യങ്ങൾ വരെ മറവ് ചെയ്ത് വീടുകൾ അടിച്ചു കഴുകിത്തുടച്ചു വൃത്തിയാക്കി രാജേശ്വരിയും കൂട്ടരും. ഇവർ വീട് വൃത്തിയാക്കി കൊടുത്ത വീട്ടുകാരിലൊരു കൂട്ടർ തയ്യാറാക്കിയ ചോറും പച്ച മോരും അച്ചാറും വൻപയർ മെഴുക്കുപുരട്ടിയുമായിരുന്നു ഇവരുടെ ഭക്ഷണം. തങ്ങളുടെ വീടുകൾ വൃത്തിയാക്കാനെത്തിയ, ഇതുവരെ കണ്ടിട്ടു പോലുമില്ലാത്ത രാജേശ്വരിയുടേയും കൂട്ടരുടേയും നിസ്വാർത്ഥമായ സേവനത്തിന് ആവോളം നന്ദി പറഞ്ഞാണ് കാവാലത്തെ നാട്ടുകാർ ഇവരെ മടക്കി അയച്ചത്.

കുടുംബശ്രീ പ്രവർത്തകർ കുട്ടനാടിന്റെ പല ഭാഗങ്ങളിലായാണ് ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. കാവാലം സ്കൂൾ, അംഗൻവാടി തുടങ്ങിയവ വൃത്തിയാക്കാൻ ഒരു സംഘം പോയപ്പോൾ പള്ളാത്തുരുത്തി വാർഡ് വൃത്തിയാക്കാനാണ് മറ്റൊരു കൂട്ടരിറങ്ങിയത്. വരും ദിവസങ്ങളിൽ കുട്ടനാട്ടിലെ കൂടുതൽ വീടുകൾ വൃത്തിയാക്കാനും ഇവർ പദ്ധതിയിടുന്നു. ബുദ്ധിമുട്ടിലായിരിക്കുന്ന തങ്ങളുടെ സഹജീവികളെ സഹായിക്കുന്നിടത്തോളം വലിയ ഒരു പുണ്യകർമ്മമില്ലെന്നാണ് കുടുംബശ്രീയുടെ പെൺപടയുടെ പക്ഷം!

## ദുരിതാശ്വാസ ക്യാമ്പുകളിൽ കുടുംബശ്രീ ഒരുക്കിയ ഓണനിറവ്



ദുരിതാശ്വാസ ക്യാമ്പുകളിൽ കുടുംബശ്രീ ഒരുക്കിയത് ഓണ നിറവാണ്. പ്രളയം വിതച്ച ദുരിതത്തിൽ നിന്നും കരകയറി, ഒത്തൊരുമയോടെ ആഘോഷിച്ച ഒരോണം മലയാളികൾക്ക് ഓർമ്മയിൽ പോലുമുണ്ടാവില്ല.മാനുഷരെല്ലാം ഒന്നു പോലെ ആയ ഈ ഓണക്കാലത്ത് കഞ്ഞിക്കുഴി സിഡിഎസ് ക്യാമ്പിലെ ദുരിതാശ്വാസ ക്യാമ്പിൽ സംഘടിപ്പിച്ചത് സാഹോദര്യത്തിന്റേയും സഹാനുഭൂതിയുടേയും ഓണമാണ്.

കുടുംബശ്രീ കഞ്ഞിക്കുഴി സി ഡി എസ് കഞ്ഞിക്കുഴിയിലെ 18 വാർഡുകളിലേയും എഡിഎസിന്റെ നേതൃത്വത്തിൽ ചേർത്തല എസ്എൻ കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ഓണാഘോഷം അത്ര മേൽ ഹൃദ്യമായ ഒന്നായിരുന്നു. കഞ്ഞിക്കുഴി പഞ്ചായത്ത് പ്രസിഡന്റാണ് ഇങ്ങനെ ഒരാശയം മുന്നോട്ടു വച്ചത്. ആശയം കേട്ടപ്പോൾ എല്ലാവർക്കും പൂർണ്ണ സമ്മതം.

എല്ലാ വാർഡുകളിൽ നിന്നും ഓരോ വിഭവങ്ങൾ വീതം എത്തിക്കാമെന്നായി കുടുംബശ്രീ പ്രവർത്തകർ. അങ്ങനെ കഞ്ഞിക്കുഴിയിലെ 18 വാർഡുകളിലേയും നേതൃത്വത്തിൽ ഒരോ വിഭവങ്ങൾ വീതം കൊണ്ടു വന്ന് 2500 പേർക്കുള്ള ഗംഭീര ഓണസദ്യയാണ് കുടുംബശ്രീ സ്ത്രീകൾ ഒരുക്കിയത്.

പ്രളയ ജലത്തിൽ എല്ലാം നഷ്ടപ്പെട്ട സഹജീവികൾക്ക് തങ്ങളുടെ സ്നേഹം മുഴുവൻ നിറച്ചാണ് ഇത്തവണ അവർ ക്യാമ്പുകളിലെത്തിയവർക്ക് ഓണസദ്യ വിളമ്പിയത്. തങ്ങൾ വിളമ്പിയ ഓണസദ്യയെപ്പറ്റി പറയുമ്പോൾ സിഡിഎസ് ചെയർപേഴ്സൻ ബിജി അനിലിന്റെ ശബ്ദത്തിൽ സഹാനുഭൂതിയുടെ നിറവ്.

കാളനും തോരനും തൊടുകറിയും പഴവും പപ്പടവും പായസവുമെന്നു വേണ്ട എല്ല വിഭവങ്ങളുമടക്കം ഗംഭീരമായ ഓണസദ്യയാ ണ് കഞ്ഞിക്കുഴിയിലെ കുടുംബശ്രീ പ്രവർത്തകർ ഒരുക്കിയത്. ഭുരിതാശ്വാസ ക്യാമ്പിലെത്തിയ ആയിരക്കണക്കിനാളുകളുടെ വയറും മനസ്സും നിറയ്ക്കാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലാണ് കഞ്ഞിക്കുഴിയിലെ കുടുംബശ്രീ പ്രവർത്തകർ.

## അഗതിരഹിത കേരളം: അയൽക്കൂട്ടങ്ങളുടെ പ്രസക്തി

അഗതിരഹിത കേരളം

08

അഗതിരഹിത കേരളം പദ്ധതിയിൽ അയൽക്കൂട്ടങ്ങളുടെ പ്രസക്തി വളരെ വലുതാണ്. ഗുണഭോക്താക്കളെ കണ്ടെത്തുന്നത് മുതൽ പദ്ധതി മേൽനോട്ടം വരെയും അയൽക്കൂട്ടങ്ങളുടെ ഇടപെടൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് അത്യന്താപേക്ഷിതമാണ്.

പദ്ധതി ഗുണഭോക്താക്കളുടെ സാധ്യതാ പട്ടിക അയൽക്കൂട്ടങ്ങളുടെ പിന്തുണയോടെയാണ് ഓരോ വാർഡിലെയും എ.ഡി.എസ് തയ്യാറാക്കുന്നത്. പിന്നീട് ഈ സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടവരുടെ വിവരശേഖരണം മൊബൈൽ ആപ്പ് വഴി കുടുംബശ്രീ നിയോഗിച്ച റിസോഴ്സ് പേഴ്സൺമാർ നടത്തി. അതിൽ ഒൻപത് ക്ലേശഘടകങ്ങളിൽ ഏഴും ഒരു അധികക്ലേശഘടകവും വരുന്ന കുടുംബങ്ങളെയാണ് പദ്ധതി ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിട്ടുള്ളത്.

പാചകം ചെയ്ത ഭക്ഷണം നൽകേണ്ടി വരുന്നവർക്കും ഭക്ഷ്യസാധനങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കേണ്ടവർക്കും അവ കൃത്യമായും ലഭ്യമാകുന്നുണ്ടോ എന്ന് തൊട്ടടുത്തുള്ള അയൽക്കൂട്ടത്തിനു പരിശോധിക്കാവുന്നതാണ്. അത് പോലെ മറ്റാനുകൂല്യങ്ങളും പ്രസ്തുത ഗുണഭോക്തൃകുടുംബത്തിന് ലഭ്യമാക്കുന്നുണ്ട് എന്നും അയൽക്കൂട്ടം ഉറപ്പു വരുത്തേണ്ടതാണ്.

അഗതി കുടുംബങ്ങളുടെ പ്രധാന പ്രശ്നം അവരനുഭവിക്കുന്ന സാമൂഹികമായ ഒറ്റപ്പെടലാണ്. ഇത്തരം ഒറ്റപ്പെടലുകളിൽ നിന്നും അവർക്കു മോചനം നൽകാൻ അയൽക്കൂട്ടങ്ങൾക്കു കഴിയും. അയൽക്കൂട്ടാംഗമല്ലാത്ത ഗുണഭോക്തൃ കുടുംബങ്ങളുണ്ടെങ്കിൽ ആ കുടുംബങ്ങളിൽ നിന്നും ഒരാളെ തങ്ങളുടെ അയൽക്കൂട്ടത്തിലുൾപ്പെടുത്താൻ അയൽക്കൂട്ടങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

ഓരോ പദ്ധതി കുടുംബവും ഉൾപ്പെടുന്ന അയൽക്കൂട്ടം പ്രസ്തുത കുടുംബത്തിനായുള്ള പ്രോജക്ട് ഘടകങ്ങളുടെ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. പ്രോജക്ട് പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് അയൽക്കൂട്ടം സെക്രട്ടറി/ പ്രസിഡന്റ്, എ.ഡി.എസ്, സി.ഡി.എസ് കമ്മിറ്റികളിൽ വിവരം നല്കേണ്ടതാണ്. ഇതിനായി ബന്ധപ്പെട്ട അയൽക്കൂട്ടങ്ങൾ ഒരു 'അഗതി കുടുംബ മോണിറ്ററിംഗ് രജിസ്റ്റർ' നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

(അടുത്തലക്കം: തിരുവനന്തപുരം ജില്ലയുടെ പുരോഗതി
കൂടുതൽ വിവരങ്ങൾക്ക് : **dfk.ksm@gmail.com**)

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P, Managing Editor: Jayanthi Narendran, Associate Editors: Asha S. Panicker, Chaithanya. G, Manjary Asok. Design: Arun S, E-mail: prteamkshreeho@gmail.com